ചരിത്രവിശകലനം

കെ.വി ഇസ്ഹാഖ് ഒതളൂർ

# ഹിന്ദുത്വവും ഹിന്ദുമതവും

**ഭാരതത്തിന്റെ** പൗരാണിക സംസ്കൃതിയുടെ ഭാഗമായി പരിചയപ്പെടുത്തപ്പെടുന്ന സനാതന ധർമമായ ഹിന്ദുമതവുമായി, താരതമ്യേന നൂതനമായ സവർണ രാഷ്ട്രീയ പ്രത്യയശാസ്ത്രമായ ഹുന്ദുത്വത്തിന് എടുത്തുപറയത്തക്ക ബന്ധങ്ങളൊന്നുമില്ല. അതേസമയം രണ്ടും ഒന്നാണെന്ന് ബഹുജനത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ സംഘ്പരിവാർ വിജയിക്കുകയും ചെയ്തിരിക്കുന്നു. ബി.ജെ.പിയുടെ രാഷ്ട്രീയ വിജയങ്ങൾ ഈ തെറ്റിദ്ധാരണയുടെ ഫലമാണ്. രാജ്യത്ത് പ്രവർത്തിക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളുടെ മൃദു ഹിന്ദുത്വ സമീപനം മുതൽ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ 'ഹിന്ദുത്വം ഒരു ജീവിതരീതിയാണ്' എന്ന വിധിപ്രസ്താവം വരെ സംഘ്പരിവാർ പ്രചാരണത്തിന്റെ വിജയമാണ്. സ്വതന്ത്ര ഇന്ത്യയിൽ നടന്ന വർഗീയ കലാപങ്ങളിൽ കപടഹിന്ദുത്വത്തിന്റെ സാന്നിധ്യം പ്രകടമായിരുന്നു. രാഷ്ട്രീയ മൂല്യങ്ങളിലും മനുഷ്യധർമത്തിലും ഭാരതസംസ്കൃതിയുടെ യഥാർഥ സത്തയായ ബഹുസ്വരതയിലും സർവോപരി മനുഷ്യാവകാശ പ്രവർത്തനങ്ങളിലും വ്യാപരിക്കുന്നവർ വ്യാപകമായ ഈ തെറ്റിധരിപ്പിക്കലിനെ തുറന്നുകാട്ടേണ്ടതുണ്ട്.

**ഇന്ദു, ഹിന്ദു പദങ്ങൾ തികച്ചും വൈദേശികമാണ്. സിന്ധു നദീതടത്തെ ആസ്പദമാക്കിയായിരുന്നു ആ പദം ഉപയോഗിച്ചിരുന്നത്. വൈദേശികമായ ഉൽപത്തിയാണ് ഹിന്ദു എന്ന പദത്തിനുള്ളത്. ബ്രിട്ടീഷുകാരാവട്ടെ ഹിന്ദു എന്ന പദം ഇന്ത്യ എന്നാക്കി മാറ്റി. വൈദികമതം അല്ലെങ്കിൽ സനാതന ധർമം എന്ന യഥാർഥ പേരിനെ അപ്രസക്തമാക്കുന്നേടത്തോളം വൈദേശിക സ്വാധീനം മതബോധത്തെപോലും ബാധിച്ചുവെന്ന യാഥാർഥ്യത്തിനു മുമ്പിൽ ആർക്ക് കണ്ണടക്കാൻ കഴിയും?**



പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ യൂറോപ്പിൽ രൂപംകൊണ്ട വംശീയ രാഷ്ട്രീയ സിദ്ധാന്തങ്ങളായ ഫാഷിസത്തിന്റെയും നാസിസത്തിന്റെയും ആശയ പരിസരത്തുനിന്നുതന്നെയാണ് ഫാഷിസത്തിന്റെ ഇന്ത്യൻ രാഷ്ട്രീയരൂപമായ ഹിന്ദുത്വം ജന്മമെടുത്തത്. യൂറോപ്യൻ ഫാഷിസത്തിന് വംശശ്രേഷ്ഠതയുടേതായ ഒരു കൊളോണിയൽ പൂർവപക്ഷം ഉള്ളതുപോലെ, ഇന്ത്യൻ ഫാഷിസത്തിന് ചരിത്രപരമായ കാരണങ്ങളാൽ ജാതീയ ഉപരിഘടനയുടേതായ ശ്രേഷ്ഠതാവാദം വർഗീയ അടിത്തറയായി വർത്തിക്കുന്നു. വ്യാസനിലൂടെയും വാൽമീകിയിലൂടെയും ഉപനിഷത്ത് ഋഷിവര്യന്മാരിലൂടെയും ആധുനികരായ ശ്രീരാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി തുടങ്ങിയവരിലൂടെയും പരിചയപ്പെടുത്തപ്പെടുന്ന സനാതന ഹിന്ദുധർമത്തിന് ബഹുസ്വരത സാധ്യമായിരുന്നു. അവരുടെ മതം സഹിഷ്ണുതയുടേതും സഹവർത്തിത്വത്തിന്റേതുമായിരുന്നു. എന്നാൽ ബി.എസ് മൂംജെ, സവർക്കർ, ഹെഡ്ഗെവാർ,

ഗോൾവാൾക്കർ തുടങ്ങിയവർ പ്രതിനിധാനം ചെയ്ത സവർണ പ്രത്യയശാസ്ത്രമായ ഹിന്ദുത്വം താരതമ്യേന പുതിയതും മാനവവിരുദ്ധവും വംശീയ അസഹിഷ്ണുതയുടെ വരട്ടുതത്ത്വശാസ്ത്രവുമാണ്. വൈകാരികവും വംശീയവുമായ ഫാഷിസ്റ്റ് ദർശനത്തിന് ഹിന്ദുമതത്തിന്റെ പരിവേഷംനൽകാൻ സംഘ്പരിവാർശക്തികൾക്ക് കഴിഞ്ഞിട്ടുണ്ട്. വാർത്താമാധ്യമങ്ങളും ദൃശ്യശ്രാവ്യ സംവിധാനങ്ങളും വളച്ചൊടിച്ച ചരിത്ര കൽപനകളും കെട്ടുകഥകളും ഇതിനായി പരക്കെ ഉപയോഗപ്പെടുത്തുന്നു.

## ഇന്ത്യാ ചരിത്രം: പൂർവപക്ഷം

വേദസംസ്കാരമാണ് ഇന്ത്യയുടേതെന്ന പഴയധാരണയെ മാറ്റിമറിക്കുന്നതായിരുന്നു ഹാരപ്പൻ നാഗരികതയുടെ കണ്ടെത്തൽ. അത് ഇന്ത്യാ ചരിത്രത്തെ 2500 ബി.സിയിലേക്ക് പിന്തള്ളുകയുണ്ടായി. 1920-കളിലാണ് മോട്ടിമർ വീലറും വാട്സണും പൗരാണിക ഇന്ത്യൻ നാഗരികതയെ കുറിച്ചുള്ള പ്രാഥമിക പഠനങ്ങൾ പുറത്തുകൊണ്ടുവന്നത്. ആര്യൻ ഭാഷയായ സംസ്കൃതത്തിൽ നിന്ന് വ്യത്യസ്തമായ ഭാഷയും എഴുത്തു വിദ്യയുമായിരുന്നു മോഹൻജദാരോവിലെയും ഹാരപ്പയിലെയും ജനവിഭാഗങ്ങളുടേതെന്ന് തെളിയിക്കപ്പെട്ടു. ബി.സി 1500 ആണ് വേദകാലഘട്ടമായി കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ വേദങ്ങളുടെ അടിസ്ഥാനത്തിലുള്ള ഹിന്ദുമതത്തിന് ചരിത്രപരമായ കാരണങ്ങളാൽ ചിരപുരാതനത്വം അവകാശപ്പെടാൻ ഇന്ന് കഴിയില്ല. ഇവിടെ നിലനിൽക്കുന്ന മറ്റു മതങ്ങളെപ്പോലെ ഹിന്ദുമതവും (സനാതന ധർമം) വൈകിയാണ് ഇന്ത്യാ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്.

> **പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ യൂറോപ്പിൽ രൂപംകൊണ്ട വംശീയ രാഷ്ട്രീയ സിദ്ധാന്തങ്ങളായ ഫാഷിസത്തിന്റെയും നാസിസത്തിന്റെയും ആശയ പരിസരത്തുനിന്നുതന്നെയാണ് ഇന്ത്യൻ ഫാഷിസത്തിന്റെ രാഷ്ട്രീയരൂപമായ ഹിന്ദുത്വം ജന്മമെടുത്തത്. യൂറോപ്യൻ ഫാഷിസത്തിന് വംശശ്രേഷ്ഠതയുടേതായ ഒരു കൊളോണിയൽ പൂർവപക്ഷം ഉള്ളതുപോലെ, ഇന്ത്യൻ ഫാഷിസത്തിന് ചരിത്രപരമായ കാരണങ്ങളാൽ ജാതീയ ഉപരിഘടനയുടേതായ ശ്രേഷ്ഠതാവാദം വർഗീയ അടിത്തറയായി വർത്തിക്കുന്നു.**

## ഇന്ത്യൻജനത

ഗോത്ര സാമൂഹികവ്യവസ്ഥയിൽ നിന്ന് ചരിത്രവ്യാപനത്തിന്റേതായ ഘട്ടത്തിൽ മേച്ചിൽപുറങ്ങളും പുതിയ ആവാസകേന്ദ്രങ്ങളും തേടിയുള്ള പ്രയാണത്തിൽ വിവിധ ഗോത്ര ജനവിഭാഗങ്ങൾ ഇന്ത്യയിലേക്കും ലോകത്തിന്റെ മറ്റുഭാഗങ്ങളിലേക്കും കുടിയേറിപ്പാർക്കുകയുണ്ടായി. ചരിത്രത്തിന്റ വിവിധ സന്ദർഭങ്ങളിൽ ഇന്ത്യയിൽ കുടിയേറിപ്പാർത്തവരുടെ ജീവിതാനുഭവങ്ങളുടെ സാന്ദ്രീകരണത്തിൽ നിന്നാണ് ഭാരതീയ സംസ്കാരം രൂപപ്പെട്ടുവന്നത്. ബി.സി 1500-ഓടുകൂടി ചെറിയ സംഘങ്ങളായാണ് ആര്യന്മാർ ഇന്ത്യയിലേക്ക് കുടിയേറിപ്പാർത്തതെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ബി.സി 200 മുതൽ എ.ഡി 300 ഇടക്കുള്ള കാലത്ത് മറ്റു പല വിഭാഗങ്ങളും ഇവിടേക്ക് കുടിയേറിപ്പാർത്തു. അവരിൽ പ്രധാനികളായിരുന്നു ഇന്തോ-ഗ്രീക്കുകാർ. ചൈനീസ് അതിർത്തിയിൽ നിന്ന് സ്കിത്തിയന്മാർ, ശാകന്മാർ, ഇറാൻ സ്വദേശികളായ പാർത്ഥിയന്മാർ, മധ്യേഷ്യയിൽ നിന്നുള്ള കുഷാനന്മാർ തുടങ്ങിയ വൈദേശിക ജനവിഭാഗങ്ങളും ഇവിടേക്ക് കടന്നുവന്നു. ഇങ്ങനെ കടന്നുവന്ന ആരും ഇവിടെനിന്ന് തിരിച്ചുപോവുകയോ ഈ രാജ്യത്തെ വിദേശരാജ്യമായി കാണുകയോ ചെയ്തില്ല. മാത്രമല്ല അവർ ഈ രാജ്യത്തിന്റ ഭാഗമായി തീരുകയും ചെയ്തു. ചൈനയിൽനിന്നും ഇറാനിൽ നിന്നും മധ്യേഷ്യയിൽ നിന്നുമായി വന്നവർ മുൻഗാമികളായ ആര്യന്മാരെപോലെ ഇവിടത്തെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ജീവിതത്തിൽ അവരുടേതായ മുദ്ര പതിപ്പിക്കുകയുണ്ടായി. ഇറാൻ ഭരണാധികാരികളായിരുന്ന പാർത്ഥിയന്മാരുടെ കാലത്തായിരുന്നു ക്രിസ്തുമത പ്രചാരണത്തിനായി സെന്റ് തോമസ് ഇന്ത്യയിൽ എത്തിയതെന്ന് സൂചനകൾ ലഭിച്ചിട്ടുണ്ട്. മുൻഗാമികളെപോലെ മധ്യേഷ്യൻ പ്രദേശങ്ങളിൽ നിന്നു തന്നെയാണ് മുസ്‌ലിംകളും ഇന്ത്യയിൽ പ്രവേശിച്ചത്. നൂറ്റാണ്ടുകൾ ഈ രാജ്യത്തിന്റ ഭരണസാരഥ്യം വഹിച്ച സുൽത്താന്മാരും മുഗൾ ഭരണാധികാരികളും ഇവിടം സ്വദേശമായി തന്നെയാണ് കണ്ടത്. അവരിൽ പലരും പിറന്നുവീണത് ഇവിടെ തന്നെയായിരുന്നു. ഇങ്ങനെ ചരിത്രത്തിന്റ വിവിധ ഘട്ടങ്ങളിൽ ഇവിടെയെത്തിയ ജനങ്ങളുടെ പൊതുവായ ജീവിതാനുഭവങ്ങളിൽ നിന്നാണ് ഭാരതീയ സംസ്കാരം രൂപപ്പെട്ടുവന്നത്.

## കല

ഭാരതീയ കലയും സംസ്കാരവും സാഹിത്യവും ബഹുസ്വരതയുടെ സൃഷ്ടിയാണ്. വൈദിക മതത്തെയും യാഗ-ബലി അനുഷ്ഠാനങ്ങളെയും എതിർത്ത് രംഗത്തുവന്ന ബുദ്ധ-ജൈന മതങ്ങൾ ഭാരതീയ കലകളുടെ വളർച്ചയിൽ മുഖ്യ പങ്കുവഹിച്ചു; പ്രത്യേകിച്ച് ശിൽപകലയിൽ. പാറ്റ്നയിലെ ലോഹാനിപുരിയിൽ നിന്ന് കണ്ടെടുത്ത ജൈന തീർത്ഥങ്കര പ്രതിമയാണ് ഇന്ത്യയിൽ ആദ്യമായി കണ്ടെത്തിയ ശിലാപ്രതിമ. രാജസ്ഥാനിലെ ദിൽവാരാ ജൈനക്ഷേത്രങ്ങളിൽ കാണുന്ന ദേവതാശിൽപങ്ങളും കർണാടകയിൽ കാണുന്ന ബാഹുബലിയുടെ ഗോമതേശ്വര പ്രതിമയും ജൈനസ്വാധീനത്താൽ രൂപപ്പെട്ടതാണ്. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ വളർന്നു വന്ന ഗാന്ധാരകല ബുദ്ധപ്രതിമകളുടെ നിർമാണത്തിനാണ് പ്രമുഖ്യം നൽകിയിരുന്നത്. വേദഭാഷയായ സംസ്കൃതത്തിനുപകരം പാലി ഭാഷയും മറ്റു പ്രാദേശിക ഭാഷകളുമാണ് ബുദ്ധ- ജൈന വിഭാഗങ്ങൾ ആശയപ്രചാരണത്തിന് ഉപയോഗിച്ചത്. പ്രാദേശിക ഭാഷയുടെ വളർച്ചക്ക് മാത്രമല്ല പ്രസ്തുത ഭാഷയിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ ഇന്ത്യാചരിത്ര രചനയുടെ വിലപ്പെട്ട അപദാനങ്ങളായി മാറുകയും ചെയ്തു. ദൽഹിയിലെ സുൽത്താന്മാരുടെയും മുഗൾ രാജാക്കന്മാരുടെയും ഭരണകാലത്ത് കലാ സാംസ്കാരിക ജീവിതത്തിൽ ഇന്തോ-അറബ്, ഇന്തോ-പേർഷ്യൻ സ്വാധീനം പ്രകടമായിരുന്നു. വാസ്തുശിൽപം അതിന്റെ പരമോന്നത നില പ്രാപിച്ചു. ലോകോത്തരമായ താജ്മഹൽ പ്രണയത്തിന്റെ മാത്രമല്ല മുഗൾ ശിൽപകലയുടെയും നിത്യസ്മാരകമായി നിലനിൽക്കുന്നു. കവിയും ചരിത്രകാരനും സംഗീതജ്ഞനുമായിരുന്ന അമീർ ഖുസ്രുവാണ് ഇന്ത്യയിൽ ഖവാലി ഗാന ശാഖക്ക് തുടക്കംകുറിച്ചത്. സിത്താർ എന്ന സംഗീതോപകരണവും ഖുസ്രുവിന്റ സംഭാവനയാണ്. അൽ ഇദ്‌രീസി, അൽബിറൂനി, സിയാഉദ്ദീൻ ബറാനി, ഇബ്നു ബതൂത്ത തുടങ്ങിയവരുടെ കൃതികൾ ചരിത്രത്തിന്റ നേർകാഴ്ചകളാണ്. അവരുടെ ഗ്രന്ഥങ്ങളാണ് ഇന്ത്യാചരിത്രത്തെ ആദ്യമായി കെട്ടുകഥകളുടെ മായക്കാഴ്ചകളിൽ നിന്ന് മോചിപ്പിച്ച് ശാസ്ത്രീയ ചരിത്ര രചനക്ക് അടിത്തറയിട്ടത്. അനേകകാലമായി തുടരുന്ന കൊടുക്കൽ വാങ്ങലുകളുടെ സങ്കലനമാണ്

യഥാർഥത്തിൽ ഭാരതീയ സംസ്കാരവും ലോക ത്തിലെ മറ്റു സംസ്കാരങ്ങളുമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

### മതം

ഒരു പ്രധാന ചോദ്യം, സുദീർഘമായ ചരിത്രകാലയളവിൽ ഇന്ത്യയിൽ എവിടെയെങ്കിലും ഏക മതമോ ഏക സംസ്കാരമോ നിലനിന്നിരുന്നോ എന്നതാണ്. ഇല്ല എന്നാണ് ചരിത്ര പഠനങ്ങൾ തെളിയിക്കുന്നത്. സംസ്കൃത ഭാഷ സംസാരിക്കുന്ന ആര്യജനവിഭാഗം ഇന്ത്യയിലേക്ക് കടന്നുവരുമ്പോൾ ദ്രാവിഡ ഭാഷയും മുണ്ട ഭാഷയും സംസാരിക്കുന്നവരായിരുന്നു ഇവിടെയുണ്ടായിരുന്നത്. മോഹൻജദാരോയിലെയും ഹാരപ്പയിലെയും നാഗരികതയുടെ സ്രഷ്ടാക്കളായവരുടെ മതബോധം വേറെയായിരുന്നു. ബ്രാഹ്മണരുടെ മേധാവിത്വം വന്നപ്പോൾ അതിനോട് യോജിക്കാത്ത ശ്രമണർ ഉൾകൊണ്ടിരുന്ന മതബോധം മറ്റൊന്നായിരുന്നു. ബുദ്ധ-ജൈന ചിന്തകരും ഈ ഘട്ടത്തിൽ തന്നെ സാംഖ്യ ധർമത്തിലും വൈശേഷിക ധർമത്തിലും ന്യായധർമത്തിലും പഞ്ചധർമത്തിലും വിശ്വസിക്കുന്ന മൂന്നാമതൊരു വിഭാഗവുമുണ്ടായിരുന്നു. ലിഛാവി എന്ന ഗോത്രവർഗക്കാർ 1000 വർഷത്തോളം തങ്ങളുടെ ഗോത്രസംസ്കാരത്തെയും സമൂഹത്തെയും നിലനിർത്തിയിരുന്നു. പിന്നീട് മുസ്‌ലിംകളും ക്രിസ്ത്യാനികളും ഇവിടെ വന്നു.16-ാം നൂറ്റാണ്ടിൽ ഗുരു നാനാക്കിന്റെ ശ്രമഫലമായി സിക്കുമതം ഉണ്ടായി. കബീർ, തുക്കാറാം, ചൈതന്യ തുടങ്ങിയവരിലൂടെ രൂപപ്പെട്ടുവന്ന ഭക്തി-സൂഫി പ്രസ്ഥാനങ്ങൾ സവർണ മേധാവിത്വത്തിനും ജാതീയ അസമത്വങ്ങൾക്കും എതിരെ ഉയർന്നുവന്ന പ്രതികരണങ്ങളായിരുന്നു.
ആന്ധ്രയിലെ ലിംഗായത്ത് സമുദായക്കാരുടെ നേതാവായ ബസവരാജൻ സ്വന്തമായി വീരശൈവം എന്നൊരു മതം സ്ഥാപിച്ചു. വേദങ്ങളെയും ജാതിവ്യവസ്ഥയെയും അംഗീകരിക്കാത്തവരാണ് ലിംഗായത്ത് സമുദായക്കാർ. അവർ ഒരു പ്രത്യേക വിഭാഗമായി ജീവിക്കുന്നു. ഇവരുടെയൊന്നും മതബോധം ഭാരതീയമല്ലെന്ന് ആർക്കു പറയാൻ കഴിയും? മറിച്ചാണ് ഈ നാടിന്റ സുദീർഘ ചരിത്രം നമ്മോട് വിളിച്ചു പറയുന്നത്. ഇന്ത്യയിലൊരുകാലത്തും ഏക മതമോ ഏക സംസ്കാരമോ നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ടാണ് പ്രമുഖ ചരിത്രകാരി റോമില ഥാപ്പർ ഇങ്ങനെ അഭിപ്രായപ്പെട്ടത്: “സംഘ്പരിവാർ പ്രസ്ഥാനങ്ങൾ ഉയർത്തിക്കാട്ടുന്ന ഹിന്ദുമതത്തിന്റെ രൂപം ഇന്ത്യയുടെ സംസ്കാരത്തിന് യോജിച്ചതല്ലെന്നു മാത്രമല്ല, വിഭിന്നങ്ങളായ ഹിന്ദുമതങ്ങൾക്ക് ഐകരൂപ്യം വരുത്താനുള്ള നീക്കംതന്നെ അനുവദിച്ചു കൂടാത്തതാണ്.”



**ബി.എസ് മൂംജെ, സവർക്കർ, ഹെഡ്ഗെവാർ, ഗോൾവാൾക്കർ തുടങ്ങിയവർ പ്രതിനിധാനം ചെയ്ത സവർണ പ്രത്യയശാസ്ത്രമായ ഹിന്ദുത്വം താരതമ്യേന പുതിയതും മാനവവിരുദ്ധവും വംശീയ അസഹിഷ്ണുതയുടെ വരട്ടുതത്ത്വശാസ്ത്രവുമാണ്. വൈകാരികവും വംശീയവുമായ ഫാഷിസ്റ്റ് ദർശനത്തിന് ഹിന്ദുമതത്തിന്റെ പരിവേഷംനൽകാൻ സംഘ് പരിവാർശക്തികൾക്ക് കഴിഞ്ഞിട്ടുണ്ട്. വാർത്താമാധ്യമങ്ങളും ദൃശ്യശ്രാവ്യ സംവിധാനങ്ങളും വളച്ചൊടിച്ച ചരിത്ര കൽപനകളും കെട്ടുകഥകളും ഇതിനായി പരക്കെ ഉപയോഗപ്പെടുത്തുന്നു.**

### ഹിന്ദുമതം

ഹിന്ദുമതഗ്രന്ഥങ്ങളായി കണക്കാക്കപ്പെടുന്ന വേദങ്ങളിലോ ഉപനിഷത്തുക്കളിലോ രാമായണം, മഹാഭാരതം പോലുള്ള ഇതിഹാസങ്ങളിലോ ഹിന്ദു എന്ന പദം കാണുന്നില്ല. ഉപനിഷത്ത് ഋഷിമാരോ വാൽമീകിയോ വേദവ്യാസനോ നാം ഹിന്ദുക്കളാണെന്നും നമ്മുടെ മതം ഹിന്ദുമതമാണെന്നും പറഞ്ഞിട്ടില്ല. ബി.സി 600 മുതലുള്ള കാലഘട്ടത്തിൽ ബ്രാഹ്മണചിന്ത ഉള്ളവരും അല്ലാത്തവരും തമ്മിൽ നടന്ന ചർച്ചയിൽ ഹിന്ദുമതമെന്ന പദപ്രയോഗം കാണാനില്ല. വൈദികരും ശ്രമണരും വേദാന്തികളും ബുദ്ധചിന്തകരും മറ്റും തമ്മിലുള്ള തർക്കമായും സാംഖ്യാചിന്തകരുമായുള്ള തർക്കമായും, ചിലപ്പോൾ നാസ്തികരും ആസ്തികരും തമ്മിലുള്ള തർക്കമായും പരസ്പരം പരാമർശിച്ചിരുന്നു. ഒരിക്കലും അവയിലൊന്നും ഹിന്ദു എന്ന പദം പ്രയോഗിക്കപ്പെടുകയുണ്ടായില്ല. പ്രസിദ്ധ ആർക്കേമിനിഡ് ലിഖിതത്തിലാണ് ആദ്യമായി അൽ ഹിന്ദ് എന്ന പദം വെളിച്ചം കാണുന്നത്. ഈ ലിഖിതം പുരാതന പേർഷ്യൻ ഭാഷയിലുള്ളതാണ്. ഗ്രീക്ക് ചരിത്രകാരനായ ഹെറഡോട്ടസ് ഇന്ദു എന്ന് വിളിച്ചത് ഇന്ത്യയെയാണെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. പിന്നീട് അറബികളും തങ്ങളുടെ മുൻഗാമികളുടെ പാത പിന്തുടർന്നു. ഏതായാലും ഇന്ദു, ഹിന്ദു പദങ്ങൾ തികച്ചും വൈദേശികമാണ്. സിന്ധു നദീതടത്തെ ആസ്പദമാക്കിയായിരുന്നു ആ പദം ഉപയോഗിച്ചിരുന്നത്. വൈദേശികമായ ഉൽപത്തിയാണ് ഹിന്ദു എന്ന പദത്തിനുള്ളത്. ബ്രിട്ടീഷുകാരാവട്ടെ ഹിന്ദു എന്ന പദം ഇന്ത്യ എന്നാക്കി മാറ്റി. വൈദികമതം അല്ലെങ്കിൽ സനാതന ധർമം എന്ന യഥാർഥ പേരിനെ അപ്രസക്തമാക്കുന്നേടത്തോളം വൈദേശിക സ്വാധീനം മതബോധത്തെപോലും ബാധിച്ചുവെന്ന യാഥാർഥ്യത്തിനു മുമ്പിൽ ആർക്ക് കണ്ണടക്കാൻ കഴിയും?

### ഹിന്ദുത്വം

ഇന്ത്യയിൽ ഹിന്ദുമതം എന്ന നിലയിൽ ഒരു മതം നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഹിന്ദുമതത്തെ

നിർവചിക്കാനുള്ള ശ്രമത്തിനിടയിൽ നെഹ്റു ഇങ്ങനെ രേഖപ്പെടുത്തിയത്: "അതിനെ നിർവചിക്കാനോ, എന്തിന് അതൊരു മതമാണോ മറ്റെന്തെങ്കിലുമാണോ എന്നു പറയാനോ സാധ്യമല്ല." ദീർഘകാലം ഇന്ത്യ ഭരിച്ച ബ്രിട്ടീഷുകാർ ഭരണതന്ത്രത്തിന്റെ ഭാഗമായി ഭിന്നിപ്പിച്ചുഭരിക്കൽ നയമാണ് പിന്തുടർന്നുവന്നത്. ഈ ഘട്ടത്തിലാണ് ദേശീയോദ്ഗ്രഥനത്തിന്റെ അലയൊലികൾ പ്രത്യക്ഷപ്പെടുന്നത്. ഒരുവശത്ത് ദേശീയോദ്ഗ്രഥനവും ദേശീയ വിമോചനസമരവും മുന്നോട്ടു പോയിക്കൊണ്ടിരുന്നപ്പോൾ, പിന്നിൽ മുറുകിയിരുന്നത് സങ്കുചിത ദേശീയതയുടെ ഹൃദയ ശൂന്യമായ ഉറഞ്ഞുതുള്ളലായിരുന്നു. അതുകൊണ്ടുതന്നെ സ്വത്വബോധം സമുദായ ബോധമായിച്ചുരുങ്ങി. ഈ സാമുദായികബോധം തീവ്രഹിന്ദുത്വമായി മാറ്റാൻ എളുപ്പമുള്ള സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. സവർണ്ണ ഹിന്ദുജനതക്ക് ഇന്ത്യൻ സാമൂഹികജീവിതത്തിനുമേലുണ്ടായിരുന്ന സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ മേധാവിത്വം തകിടംമറിക്കുന്ന രാഷ്ട്രീയ ചലനങ്ങൾ പ്രകടമായികൊണ്ടിരുന്നു.

ഭക്തി-സൂഫി പ്രസ്ഥാനങ്ങളും ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനവും സൃഷ്ടിച്ച സാമൂഹികാവബോധം പരമ്പരാഗത ജാതിവ്യവസ്ഥയിലധിഷ്ഠിതമായ ഇന്ത്യൻ സാമൂഹികതയിൽ ഒരു കലാപമായി വളർന്നുകഴിഞ്ഞിരുന്നു. ഒരുവശത്ത് ബ്രട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ ദേശീയ വിമോചനസമരം ശക്തിപ്പെട്ടു. മറുവശത്ത് മഹാത്മാ ഫൂലെ, ജ്യോതിബാ ഫൂലെ, ഡോ. അംബേദ്കർ തുടങ്ങിയവരിലൂടെ വളർന്നുവന്ന സാമൂഹിക മാറ്റത്തിനുവേണ്ടിയുള്ള സമരം. ഇതുവരെ സമൂഹത്തിന്റെ സമ്പത്തും അധികാരവും സർവവിധ സുഖസൗകര്യങ്ങളും കൈയടക്കി അനുഭവിച്ചിരുന്ന ബ്രാഹ്മണ വിഭാഗത്തെ ഇത് അങ്കലാപ്പിലാക്കി. അത്യന്തം ഹീനമായ ജാതി വ്യവസ്ഥ അതിന്റെ എല്ലാവിധ സുഖ സൗകര്യങ്ങളുമനുഭവിച്ച സവർണ വിഭാഗത്തിന് എത്രമാത്രം പഥ്യമായിരുന്നുവെന്ന് മുസ്‌ലിംകളെ പ്രതിസ്ഥാനത്തു നിർത്തി വിചാരധാരക്കാരൻ നടത്തുന്ന വിലയിരുത്തലുകളിലൂടെ കണ്ണോടിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഗോൾവാൾക്കർ എഴുതുന്നു: "ചാതുർവർണ്യത്തിലധിഷ്ഠിതമായ നമ്മുടെ സാമൂഹിക സംവിധാനത്തിൽ ആദ്യമായി ഇടപെട്ട മതം ഇസ്‌ലാമാണ്. ഇന്ത്യയിൽ നമ്മുടെ വർഗ-ജാതി ഘടനയെ ഇസ്‌ലാം വെല്ലുവിളിച്ചു. ഇസ്‌ലാമിനു ശേഷം വന്ന എല്ലാവിഭാഗങ്ങളും നമ്മെ നിർവീര്യമാക്കാനുള്ള ശ്രമത്തിൽ ഇസ്‌ലാമിന്റെ അതേ വെല്ലുവിളി ഉയർത്തുകയാണ് ചെയ്തത്." (Thoughts on Some Current Problems,1948 p26) സവർണ വിഭാഗത്തെ സംബന്ധിച്ചേടത്തോളം ജാതിവ്യവസ്ഥ എന്തു വിലകൊടുത്തും സംരക്ഷിക്കേണ്ട ഒന്നായിരുന്നു. കാരണം സവർണ സാമൂഹിക മേധാവിത്വത്തിന്റെ അടിത്തറ ജാതിവ്യവസ്ഥയിലാണ് നീണ്ടുനിവർന്നു കിടക്കുന്നത്. പുതിയ സാഹചര്യം സ്വയം പ്രതിരോധത്തിന്റെ മാർഗത്തിലേക്ക് അവരെ നയിച്ചു. അങ്ങനെ കോൺഗ്രസ്സുകാരനായിരുന്ന ഡോ. ഹെഡ്ഗെവാർ കോൺഗ്രസ്സിൽനിന്ന് വേർപിരിയുകയും സ്വന്തം നിലയിൽ 1925-ൽ രാഷ്ട്രീയ സ്വയംസേവക്സംഘ് (ആർ. എസ്.എസ്) എന്ന സംഘടനക്ക് രൂപം നൽകുകയും ചെയ്തു.

**ഇന്ത്യയിലൊരുകാലത്തും ഏക മതമോ ഏക സംസ്കാരമോ നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ടാണ് പ്രമുഖ ചരിത്രകാരി റോമില ഥാപ്പർ ഇങ്ങനെ അഭിപ്രായപ്പെട്ടത്: "സംഘ്പരിവാർ പ്രസ്ഥാനങ്ങൾ ഉയർത്തിക്കാട്ടുന്ന ഹിന്ദുമതത്തിന്റെ രൂപം ഇന്ത്യയുടെ സംസ്കാരത്തിന് യോജിച്ചതല്ലെന്നു മാത്രമല്ല, വിഭിന്നങ്ങളായ ഹിന്ദുമതങ്ങൾക്ക് ഐകരൂപ്യം വരുത്താനുള്ള നീക്കംതന്നെ അനുവദിച്ചു കൂടാത്തതാണ്."**

## ഫാഷിസ്റ്റ് രീതിശാസ്ത്രം

ഇന്ത്യയെന്ന വിശാല യാഥാർഥ്യത്തെ ഹിന്ദുവെന്ന സങ്കുചിത പരികൽപനയുടെ സീമകൾക്കകത്ത് ഒതുക്കിനിർത്തി നിർവചിക്കാനുള്ള പ്രയത്നമാണ് പിന്നീടുനടന്നത്. സവർണജാതി സാമൂഹിക വ്യവസ്ഥക്കെതിരെ ഇന്ത്യാചരിത്രത്തിലുടനീളം ഭരണതലത്തിലും ആശയതലത്തിലും നടന്ന സമരങ്ങളെയും മാനവിക സാഹോദര്യ മൂല്യങ്ങളെയും പാടെ അവഗണിക്കുകയോ നിസ്സാരവത്കരിക്കുകയോ ചെയ്യുന്ന പ്രവണത പ്രകടമായി. സവർണതയുടെ അച്ചിൽ വാർത്ത ഹിന്ദുത്വമാണ് ഇന്ത്യൻ ദേശീയത്വമായി ഉയർത്തിക്കാട്ടിയത്. അതിൽ ഏതെങ്കിലും മതമുണ്ടെങ്കിൽ സവർണ ബ്രാഹ്മണമതം അഥവാ ആര്യവംശീയതയാണ്. ബ്രാഹ്മണ-ആര്യൻ വംശീയതയുടെ കണ്ണിലൂടെ ഇന്ത്യയെയും ഇന്ത്യൻ ദേശീയത്വത്തെയും നിർവചിക്കുന്ന പുതിയ ഹിന്ദുമതമായി ഹിന്ദുത്വം രംഗത്തുവന്നു. അതിനുള്ളിലൊതുങ്ങാത്തവരെ അഭാരതീയരും വിദേശികളുമായി മുദ്രകുത്തി. അവരിൽ പ്രധാനമാണ് മുസ്‌ലിംകളും ക്രിസ്ത്യാനികളും ബുദ്ധ-ജൈനമതക്കാരും കമ്യൂണിസ്റ്റുകളും.



പല കാരണങ്ങൾകൊണ്ടും ഹെഡ്ഗെവാറുടെ സംഘടനക്ക് ഇറ്റാലിയൻ ഫാഷിസവുമായും ജർമൻ നാസിസവുമായും ബന്ധമുണ്ടായിരുന്നു. വംശീയവും ദേശീയവുമായ അവയുടെ ഉള്ളടക്കം രാഷ്ട്രീയ സ്വയംസേവക്സംഘുമായി പൊരുത്തപ്പെടുന്നതാണ്. ഹിറ്റ്ലറുടെ ആര്യൻ വംശീയവാദവും ഹിന്ദുത്വത്തിന്റെ ബ്രാഹ്മണ-ആര്യൻവംശീയതയും ജാതകപ്പൊരുത്തമുള്ളതാണ്.

നാസിസം ഇവിടെയും ഒരു പ്രധാന ഘടകമായി വർത്തിച്ചതായി കാണാം. ഹെഡ്ഗെവാറുടെ പിൻഗാമിയായി 1940-ൽ ആർ.എസ്.എസ്സിന്റ നായകസ്ഥാനം ഏറ്റെടുത്ത എം.എസ് ഗോൾവാൾക്കർ സാംസ്കാരിക ദേശീയതയെന്ന ആശയത്തിന്

കൂടുതൽ വ്യക്തത നൽകാൻ ശ്രമിക്കുകയുണ്ടായി. We And Our Nationhood Defined എന്ന ഗ്രന്ഥത്തിൽ ഗോൾവാൾക്കർ എഴുതുന്നു: ''ഈ മണ്ണിൽ ജനിച്ച് വികാസം പ്രാപിച്ച് ആയിരമായിരം വർഷങ്ങളായി ഇവിടെ കഴിയുന്ന ഒരു ജനസമൂഹമാണ് നമ്മുടേത്. ഹിന്ദുസമൂഹമെന്നാണ് ഈ സമൂഹം പ്രത്യേകിച്ച് അടുത്തകാലത്ത് അറിയപ്പെടുന്നത്. അതൊരു ചരിത്രയാഥാർഥ്യമാകുന്നു. കാരണം ഹൈന്ദവജനതയുടെ പ്രപിതാക്കളാണ് സമൂഹത്തിന്റെ പാരമ്പര്യവും വിവിധ മാനദണ്ഡങ്ങളും നിശ്ചയിക്കുകയും കടമകളും അവകാശങ്ങളും തിട്ടപ്പെടുത്തുകയും മാതൃഭൂമിയുടെ അഖണ്ഡതയും പവിത്രതയും സംരക്ഷിക്കുന്നതിനുവേണ്ടി രക്തം ചൊരിയുകയും ചെയ്തത്. ആയിരമായിരം വർഷത്തെ നമ്മുടെ ചരിത്രത്തിൽ ഇതിനെല്ലാം തെളിവുകളുണ്ട്. വളരെ സ്പഷ്ടമാണ്, ഇത് ഹിന്ദുക്കളുടെ ജന്മഭൂമിയാണ്; ഹിന്ദുക്കളുടെ മാത്രം" (*സംഘ്പരിവാറിന്റെ ഫാഷിസ്റ്റ് മുഖം*, രാം പുനിയാനി, പേജ് 28,29).

ഈ വരികളിൽ മുഴങ്ങുന്ന ഫാഷിസം ഹിന്ദുക്കളല്ലാത്തവരെ ജന്മഭൂമിയുടെ അവകാശികളായി കാണുന്നില്ല. അതോടു ചേർത്തുവായിക്കേണ്ടതാണ് മഹാത്മജി തന്റെ അവസാന കാലങ്ങളിൽ *ഹരിജൻ* വാരികയിൽ കുറിച്ചിട്ട വരികൾ: "ഈ രാജ്യത്ത് ജനിക്കുകയും ഇത് സ്വന്തം മാതൃഭൂമിയാണെന്ന് അവകാശപ്പെടുകയും ചെയ്യുന്ന എല്ലാവരും അവർ ഹിന്ദുവോ മുസ്‌ലിമോ പാർസിയോ ജൈനനോ സിക്കുകാരനോ ആകട്ടെ മാതൃഭൂമിയുടെ മക്കളാണ്" (*ബുദ്ധന്റെ ചിരി*, എം.പി വിരേന്ദ്രകുമാർ, പേജ് 48). ഗോൾവാൾക്കറുടെയും മഹാത്മാഗാന്ധിയുടെയും ജിഹ്വയിലൂടെ പുറത്തുവന്ന വാക്കുകൾ, ഇന്ത്യാ ചരിത്രത്തിൽ നിലനിന്നു പോന്ന പരസ്പര വിരുദ്ധമായ രണ്ട് സംസ്കാരങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ഗോൾവാൾക്കർ ഹിന്ദുത്വത്തെ പ്രതിനിധീകരിക്കുമ്പോൾ, രാഷ്ട്രപിതാവായ മഹാത്മജി സനാതന ഹിന്ദുധർമത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ചരിത്രപരമായി സനാതന ഹിന്ദുധർമം ഒരു സംസ്കാരത്തെയും ഹിന്ദുത്വം ഒരു സംസ്കാരശൂന്യതയെയുമാണ് അടയാളപ്പെടുത്തുന്നത്.

ഒരു നുണ പലതവണ ആവർത്തിച്ചുകൊണ്ടിരുന്നാൽ അത് ജനം സത്യമാണെന്ന് വിശ്വസിച്ചുതുടങ്ങുമെന്ന് ഫാഷിസ്റ്റുകൾ കരുതുന്നു. ഗോൾവാൾക്കറിയൻ ചിന്താധാരയിലൂടെ വളർന്നുവന്ന സംഘ്പരിവാരം വർത്തമാനകാല ഇന്ത്യാ ചരിത്രത്തിൽ വംശവിഛേദനത്തിലൂടെ മുന്നേറിക്കൊണ്ടിരിക്കുമ്പോഴും, തങ്ങൾ പ്രതിനിധീകരിക്കുന്നത് മഹത്തായ ഭാരതസംസ്കാരത്തെയാണെന്ന് ബഹുജനത്തെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത് നുണയാവർത്തനങ്ങളിലൂടെയാണ്. ലോകത്തെ എല്ലാ ഫാഷിസ്റ്റ് സംഘടനകളും തങ്ങളുടെ വംശീയ താൽപര്യങ്ങളെ ഉറപ്പിച്ചു നിർത്തുന്നത് വ്യാജമായ ഒരു മാനസികാവസ്ഥ ഉൽപാദിപ്പിച്ചുകൊണ്ടാണ്. ഇതേ വംശീയ മാനസീകാവസ്ഥ തന്നെയാണ് ഹിറ്റ്ലറുടെ ജർമൻ നാസിസത്തെ ദേശാഭിമാനത്തിന്റെ മഹനീയ മാതൃകയായി വാഴ്ത്താൻ ഗോൾവാൾക്കർക്ക് തുണയായത്. അദ്ദേഹം എഴുതുന്നു: "ജർമൻ വംശാഭിമാനബോധം ഇന്ന് ഏറെ പ്രസക്തമായിരിക്കുന്നു. ലോകത്തെ തന്നെ നടുക്കിയ സെമിറ്റിക്-ജൂത ഉന്മൂലനം വംശത്തിന്റെ വിശുദ്ധിയും സാംസ്കാരിക തനിമയും പരിരക്ഷിക്കുന്നതിനാണ്. വംശാഭിമാനബോധം അവിടെ അതിന്റെ പാരമ്യത്തിലാണ്. മൗലികമായി വിഭിന്നങ്ങളായ വംശങ്ങൾക്കും സംസ്കാരങ്ങൾക്കും ഇഴുകിച്ചേർന്ന് ഒന്നാവാൻ ഒരിക്കലും കഴിയില്ല എന്നാണ് ജർമനി കാട്ടിത്തരുന്നത്. ഇത് ഹിന്ദുസ്ഥാൻ പഠിച്ച് പ്രയോജനപ്പെടുത്തേണ്ട പാഠമാണ്" (*ഫാഷിസത്തിലേക്കുള്ള ബി.ജെ.പിയുടെ പാത*, എ.ബി ബർദാൻ, പേജ് 30). 1923-ൽ ഹിന്ദു മഹാസഭയുടെ അനിഷേധ്യ നേതാവായിത്തീർന്ന വീർസവർക്കറും ഇതേ വീക്ഷണം തന്നെ പുലർത്തുന്നു. സവർക്കർ എഴുതുന്നു: "ഒരു നാസിയായതുകൊണ്ട് ഹിറ്റ്ലർ ഒരു മനുഷ്യരാക്ഷസനാണെന്ന് കരുതുന്നതിലും ജനാധിപത്യവാദിയാണെന്ന് പറയുന്നതുകൊണ്ട് ചർച്ചിൽ ഈശ്വരതുല്യനുമാണെന്ന് കരുതുന്നതിലും യുക്തിയില്ല. ജർമനി അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ നാസിസം അവരുടെ രക്ഷയായാണ് എത്തിയത് എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു" (*സംഘ്പരിവാറിന്റെ ഫാഷിസ്റ്റ് മുഖം*, രാം പുനിയാനി, പേജ് 39). ജർമൻ ദേശാഭിമാനമെന്ന് ഗോൾവാൾക്കറും ജർമനി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്ന് സവർക്കറും ഉരുവിടുമ്പോൾ ഉന്നം വെക്കുന്നത്, ഇന്ത്യയുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണക്കാരായി അവർ കാണുന്ന മുസ്‌ലിംകളെയും ക്രിസ്ത്യാനികളെയും, ബുദ്ധ-ജൈന മതക്കാരെയും കമ്യൂണിസ്റ്റുകളെയും മതേതരവാദികളെയുമാണ്. ഇരുവരുടെയും മാനസസരോവരത്തിൽ കളിയാടുന്ന വംശീയ ഉന്മൂലന സിദ്ധാന്തത്തിന്റെ ജാതകപ്പൊരുത്തം മൂലമാണിത്.

സൂക്ഷ്മതലത്തിൽ സവർണരാഷ്ട്രീയ പ്രത്യയശാസ്ത്രമായ ഹിന്ദുത്വത്തിന് ഹിന്ദുമതവുമായി ബന്ധമൊന്നുമില്ല. ഹിന്ദുത്വവും മതവും തമ്മിലുള്ള ബന്ധം ഒരു വിശ്വാസമെന്നതിനേക്കാൾ വംശീയരാഷ്ട്രീയത്തിന്റേതാണ്. അതിന്റെ മാതൃക ഭാരതീയമല്ല, വൈദേശികമാണ്. അത് മതമാകുന്നതും രാഷ്ട്രീയമാകുന്നതും തെരഞ്ഞെടുപ്പ് ജനാധിപത്യ സംവിധാനത്തിൽ ബഹുജന അടിത്തറ വികസിപ്പിക്കുന്നതിനുള്ള അടവുനയത്തിന്റെ ഭാഗമായാണ്. അടിസ്ഥാനപരമായി ഇന്ത്യൻ സവർണ ഫാഷിസമായ ഹിന്ദുത്വം മതമില്ലാത്ത ജീവനാണ്.

**അവലംബം**

1. Myth And Reality
   ഡി ഡി കോസാംബി.
2. *പൂർവ്വാധുനിക ഇന്ത്യ സമൂഹ രൂപീകരണം*
   ടി.കെ ഗംഗാധരൻ
3. *സംഘ്പരിവാറിന്റെ ഫാഷിസ്റ്റ് മുഖം*
   രാംപുനിയാനി
4. *വിചാരധാര*
   എം.എസ് ഗോൾവാൾക്കർ
5. *ഇന്ത്യയെ കണ്ടെത്തൽ*
   ജവഹർലാൽ നെഹ്റു
6. *ഹിന്ദുത്വ സങ്കൽപത്തിന്റെ അകവും പുറവും*
   എൻ.ഇ ബാലറാം
7. *ബുദ്ധന്റെ ചിരി*
   എം.പി വിരേന്ദ്രകുമാർ
8. *ഫാഷിസത്തിലേക്കുള്ള ബി.ജെ.പിയുടെ പാത*
   എ.ബി ബർദാൻ